**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** **27-01-2026 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ അങ്കണവാടികളുടെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷനിൽ 10 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ള പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിട നിർമ്മാണത്തിന് "സമ്പൂർണ അംഗൻവാടി കെട്ടിട നിർമ്മാണ പദ്ധതി" (2024-25-ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 973) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | (എ) 2024-25 സാമ്പത്തിക വർഷത്തിലേക്കുള്ള വിശദമായ എസ്റ്റിമേറ്റുകളുടെ അനുബന്ധം-IIൽ പ്രതിപാദിക്കുന്ന ഭരണാനുമതിയില്ലാത്ത മരാമത്തുപണികളിൽ ക്രമനമ്പർ 973ൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത മുഴുവൻ അങ്കണവാടികൾക്കും കെട്ടിട നിർമ്മാണത്തിന് "സമ്പൂർണ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

2024-25 ലേയ്ക്കുള്ള വിശദമായ എസ്റ്റിമേറ്റുകളുടെ അനുബന്ധം II ൽ പ്രതിപാദിക്കുന്ന ഭരണാനുമതിയില്ലാത്ത മരാമത്തുപണികളിൽ ക്രമ നം. 973 ൽ പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ കെട്ടിടം ഇല്ലാത്ത മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്ന സമ്പൂർണ്ണ അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയ്ക്കായി 10 കോടി രൂപ അടങ്കൽ തുക നിശ്ചയിക്കുകയും, ആയതിന്റെ 20% തുകയായ 2 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ടി നിയോജക മണ്ഡലത്തിൽ പൊളിച്ചു പണിയുന്നതിനായുള്ള 15 അങ്കണവാടികളും, സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 15 അങ്കണവാടികളും, ഇനി സ്ഥലം കണ്ടെത്തേണ്ട 38 അങ്കണവാടികളും ചേർത്ത് ആകെ 68 അങ്കണവാടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കേണ്ടത്. അപ്രകാരം സ്ഥലം വാങ്ങുന്നതിനും, കെട്ടിടം നിർമ്മിക്കുന്നതിനും എല്ലാത്തിനുമായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപ പര്യാപ്തമല്ല . ആയതിനാൽ പൂഞ്ഞാർ നിയോജക മണ്ഡലം ഉൾപ്പെടെ സ്ഥലം ലഭ്യമായിട്ടുള്ള എല്ലാ അങ്കണവാടികൾക്കും MGNREGS, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയ ഫണ്ടുകൾ സംയുക്തമായി വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുവായ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് . ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ MGNREGS ഫണ്ട് വിനിയോഗിച്ച് നടത്തേണ്ട കെട്ടിട നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് MGNREGS മുഖേനയും അവശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി മുഖേനയും തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ടി നിയോജക മണ്ഡലത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാകാത്ത 38 അങ്കണവാടികളിൽ ഉൾപ്പെട്ട കാഞ്ഞിരപ്പള്ളി ഐ.സി.ഡി.എസ് പ്രോജക്റ്റ് പരിധിയിലെ എരുമേലി പഞ്ചായത്തിലെ സെന്റർ നം. 75, 97, 102, 103, 117 എന്നീ 5 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുകയും, കൂടാതെ ടി നിയോജക മണ്ഡലത്തിലെ സ്വന്തമായി സ്ഥലം ലഭ്യമായ 15 അങ്കണവാടികളിൽ ഉൾപ്പെട്ട ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലെ സെന്റർ നം. 89, 125, 134 എരുമേലി ഗ്രാമ പഞ്ചായത്തിലെ സെന്റർ നം. 108 എന്നീ അങ്കണവാടികളും ചേർത്ത് ആകെ 9 അങ്കണവാടികൾക്ക് കെടിടം നിർമ്മിക്കുന്നതിനായി വിശദമായ പ്ലാൻ, എസ്റ്റിമേറ്റ്, ലഭ്യമായ സ്ഥലം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾ

പ്പെട്ടിട്ടുണ്ടെന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രം, ലഭ്യമായ സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്നുള്ള സി.ഡി.പി.ഒ യുടെ സാക്ഷ്യപത്രവും, പ്രോഫോർമയും, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം എന്നിവ സഹിതം 9 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട് . LSGD ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റും, പ്ലാനും ലഭ്യമാക്കിയിരുന്ന 9 അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ CCO ആയിട്ടുള്ള '4235-02-102-87-Construction of Model and Smart Anganwadi Buildings with LSGD (P)' എന്ന ശീർഷകത്തിൽ 2,54,70,000/- രൂപ വകയിരുത്തുന്നതിനും, ആയത് ചെലവഴിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും, LSGD ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റും, പ്ലാനും പ്രകാരം LSGD ചീഫ് എഞ്ചിനീയർ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുമായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ് .

കൂടാതെ MGNREGS മുഖേന എസ്റ്റിമേറ്റ് ലഭ്യമായ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള 15 അങ്കണവാടികളിൽ ഉൾപ്പെട്ട തീക്കോയി പഞ്ചായത്തിലെ സെന്റർ നം. 110, തിടനാട് പഞ്ചായത്തിലെ സെന്റർ നം. 120, പൂഞ്ഞാർ തെക്കേകര പഞ്ചായത്തിലെ സെന്റർ നം. 112, എരുമേലി പഞ്ചായത്തിലെ സെന്റർ നം. 80, 85 എന്നീ 5 അങ്കണവാടികൾക്ക് MGNREGS മുഖേന കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലും പരിശോധിച്ച് വരികയാണ് .

(signature)

സെക്ഷൻ ഓഫീസർ